ISSN-2455-0736 (Print)
ISSN-2456-4052 (Online)

# സറിയലിസം
# Surrealism

**ഡോ. സോണിയ ജോസ്**
മലയാളവിഭാഗം
പാവനാത്മകോളേജ്, മുരിക്കാശ്ശേരി

## ABSTRACT

**Key Words :**
സറീയലിസം,
ദൃശ്യബിംബങ്ങൾ

Surrealism originated in the late 1910s and early 20s as a literary movement that experimented with a new form of expression called automatic writing or automatism, which sought to release the uncontrolled imagination of the subconscious mind. With the publication of the Manifesto of Surrealism by the poet and critic Andre Breton Surrealism, officially presented in Paris in 1924, became an international intellectual-political movement. Bretton, a psychologist trained with the French poets Louis Aragon Paul Eluward and Philippe Soupolt, influenced Sigmund Freud's (1856-1939) psychological theories, dream studies and the political ideas of Karl Marx.

ഒരു കാവ്യസിദ്ധാന്തമെന്നതിനേക്കാൾ ഒരു പുത്തൻ ജീവിതവീക്ഷണമാണ് സറീയലിസം. രചനകളുടെ സകല കീഴ്‌വഴക്കങ്ങളെയും നിരാകരിക്കുന്നതും യുക്തിരഹിതവുമായ ഒരു രച നാരീതിയാണ്. അബോധത്തിലൂടെയുള്ള നിർബാധമായ പ്രവാഹം! സർവ്വ നിയന്ത്രങ്ങളിൽ നിന്നുമുള്ള (കവി) മനസ്സിന്റെ അവിരാമ പ്രവാഹം. ബാഹ്യയാഥാർത്ഥ്യത്തെ അതുപോലെ അവതരിപ്പിക്കുന്നതിൽ എന്തു പ്രസക്തിയാണുള്ളതെന്ന് സറീയലിസ്റ്റുകൾ ചോദിക്കുന്നു. അത് അങ്ങനെ തന്നെ അവിടെയുല്ലോ, അതിൽകലയില്ല. ബോധത്തെ പാടെ നിസ്സഹായമാക്കി അബോധത്തെ സ്വതന്ത്രമാക്കിവിടുക. കഥയിലും കവിതയിലും ചിത്രത്തിലും ജീവിതത്തിലും അതാണ് സറീയലിസം. സ്വപ്നംപോലെ സ്വതന്ത്രമാവണം കവിത എന്നതാണ് സറിയലിസ്റ്റിക് അവകാശവാദം.

ഒന്നാം ലോകയുദ്ധം ലോകമാസകലവുംസൃഷ്ടിച്ച ഭയാനകത്വത്തോടുള്ള പ്രതികരണമാ യാണ് സറീയലിസം ആവിർഭവിച്ചത്. പാരീസായിരുന്നുകേന്ദ്രം. പാശ്ചാത്യസംസ്ക്കാരത്തിന്റെ അടിത്തറകളായി നിന്നിരുന്ന യുക്തി, പുരോഗതി, വിവേകംതുടങ്ങിയമൂല്യങ്ങൾ യുദ്ധത്തോടെ അപ്രസക്തമായി. ആ സംസ്ക്കാരത്തെ തിരസ്ക്കരിക്കുന്ന പുതിയൊരുകലാസാഹിത്യ പ്രസ്ഥാനമാണ്ആവശ്യമെന്ന നിലപാടിന്റെ അടിസ്ഥാനത്തിൽ ഫ്രഞ്ചി കവിയായ ആന്ദ്രേ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ബ്രിട്ടനാണ് സറീയലിസത്തിന് തുടക്കംകുറിച്ചത്. ബ്രിട്ടനാണ് സൈദ്ധാന്തികാടിത്തറയുണ്ടാക്കിയതെങ്കിലും വിവിധ രാജ്യങ്ങളിൽ സറീയലിസം വ്യാപിച്ചു. സാഹിത്യം, ചിത്രകല, സിനിമ തുടങ്ങിയ മണ്ഡലങ്ങളിലാണ് കൂടുതലും പ്രചരിച്ചത്.

വിഭ്രമം ജനിപ്പിക്കുന്നത്, വിചിത്രം വക്രീകരിച്ചത് തുടങ്ങിയ അർഥങ്ങളി സറീയൽ എന്ന പദം പൊതുവെ ഉപയോഗിക്കുന്നത്. സ്വപ്നാത്മകമോ, പരസ്പരവിരുദ്ധമോ, പൊരുത്തപ്പെടാത്തതോ അനൈഛികമായ ചിന്തകളുടെ ആവിഷ്ക്കാരമോ ആയ ആശയങ്ങളും ഇമേജുകളും വാക്കുകളും ചേർത്തുവെച്ച് ഉപബോധമനസ്സിന്റെ വിചാരലോകം അവതരിപ്പിക്കുകയാണ് സറീയലിസ്റ്റു രചനകളിൽ ചെയ്യുന്നത്. രചനകളിലെ വിഭ്രാമകത്വമാണ് ഇത്തരം അർഥപരിണാമത്തിന് കാരണം. സ്വപ്നവും യാഥാർത്ഥ്യവും കൂട്ടിക്കലർത്തി മനുഷ്യന്റെ ബോധമനസ്സിനപ്പുറമുള്ള ഉപബോധമനസ്സിലെ ശുദ്ധചിന്തകളുംവികാരങ്ങളും ആവിഷ്ക്കരിക്കാനാണ് സറീയലിസ്റ്റ്കലാകാരന്മാരും എഴുത്തുകാരും ശ്രമിച്ചത്. പരമ്പരാഗതമായ സാംസ്ക്കാരിക സാമുദായിക അതിർത്തികളിൽ നിന്നുള്ള വിമോചനത്തിന്റെ ആവിഷ്ക്കാരമാണ് ഇവരുടെലക്ഷ്യം. പദപ്രയോഗങ്ങളും ദൃശ്യബിംബങ്ങളുംവഴി മനുഷ്യാവബോധം ആവിഷ്ക്കരിക്കാൻ ഭാവനയ്ക്കുള്ള ശക്തിയിൽ അവർ വിശ്വസിച്ചു. ഇരുപതാം നൂറ്റണ്ടാിന്റെ രണ്ടാം ദശകത്തിൽ ആവിർഭവിച്ച ദാദായിസം എന്ന അവാങ് - ഗാർഡ്കലാപ്രസ്ഥാനവുമായി സറീയലിസം തീവ്രമായി ബന്ധപ്പെട്ടിരിക്കുന്നു. സറീയലിസംദാദായിസത്തിൽ നിന്നു ജനിച്ചു എന്നർഥമില്ല. പകരംരണ്ടു പ്രസ്ഥാനങ്ങളുംചില ആശയങ്ങളിൽ സമാനത പുലർത്തുന്നു എന്നതാണർഥം. സ്വയംസൂചകവും സ്വേച്ഛാപരവുമാണ് കലാപ്രവർത്തനമെന്ന തത്ത്വം ദാദായിസവും സറീയലിസവും പൊതുവായി പങ്കുവെക്കുകയാണ് ചെയ്യുന്നത്.

ആന്ദ്രേ ബ്രിട്ടൻ 1924 ഒക്ടോബർ 15 ന് 'മാനിഫെസ്റ്റോഓഫ്സറീയലിസം' പ്രസിദ്ധീകരിച്ച ദിവസമാണ് സറീയലിസത്തിന്റെ ജന്മദിനമായി അറിയപ്പെടുന്നത്. സറീയലിസ്റ്റ് മാനിഫെസ്റ്റോയോടൊപ്പം ബ്രിട്ടൻ പ്രസിദ്ധപ്പെടുത്തിയ 'സൊല്യുബിൾ ഫിഷ്' എന്ന പുസ്തകത്തിലും ബ്രിട്ടന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ച 'സറീയലിസ്റ്റ് റവല്യൂഷൻ' എന്ന മാസികയിലും സറീയലിസ്റ്റ് പ്രസ്ഥാനത്തിന്റെ വരവറിയിച്ചു. ഫ്രഞ്ച് കവിയായ അപ്പോളിനേർ 'സറീയലിസ്റ്റ്' എന്ന വിശേഷണപദം നേരത്തെ പ്രയോഗിച്ചിരുന്നുവെങ്കിലും അതിന് പ്രസ്ഥാനസ്വഭാവം കൈവന്നത് ബ്രിട്ടന്റെ മാനിഫെസ്റ്റോയോടുകൂടിയാണ് വാചികമായോ ലിഖിതമായോ മറ്റേതെങ്കിലും രീതിയിലോ ആവിഷ്ക്കരിക്കുന്ന ശുദ്ധമായ 'സൈക്കിക്ഓട്ടോമാറ്റിസം' ആണ് സറീയലിസം എന്ന് 1924 ലെ മാനിഫെസ്റ്റോയിൽ ബ്രിട്ടൻ നിർവചിച്ചു. യുക്തിപരത, സൗന്ദര്യശാസ്ത്രപരമോ സദാചാരപരമോ ആയ മുൻവിധികൾ എന്നിവ ഇല്ലാത്ത കലാസാഹിത്യാവിഷ്ക്കാരം എന്നാണ് സൈക്കിക് ഓട്ടോമാറ്റിസം അഥവാ മാനസികമായ സ്വയംപ്രേരിത പ്രവർത്തനം (അനൈച്ഛികപ്രവർത്തനം) എന്നതിനർത്ഥം. 1929 □ ബ്രിട്ടൻ രണ്ടാം മാനിഫെസ്റ്റോ പ്രസിദ്ധപ്പെടുത്തിയപ്പോഴേക്കും സറീയലിസം വിവിധ കലാരംഗങ്ങളിൽ വേരുറച്ചു കഴിഞ്ഞിരുന്നു.

പുറത്തുവരാനായി ഉപബോധമനസ്സിൽ കാത്തുകിടക്കുന്ന ശൈലികളെ യുക്തിപരമോ സൗന്ദര്യശാസ്ത്രപരമോ ആയ പരിശോധനകളൊന്നും കൂടാതെ അനൈച്ഛിക

മായി എഴുത്തിലും വരയിലുംആവിഷ്ക്കരിക്കാൻ ശ്രമിച്ചതിന്റെ ഭാഗമായാണ് ഭ്രമാത്മകവും പൊരുത്ത ദീക്ഷയില്ലാത്തതുമായ വിചിത്രവാക്യങ്ങളും കല്പനകളും ചിത്രബിംബങ്ങളും സറീയലിസ്റ്റ് കലയിൽ പ്രത്യക്ഷപ്പെട്ടത്. എഴുതാനിരിക്കുന്ന നിമിഷത്തിൽ മുൻകൂട്ടി ചിന്തിക്കാതെ മനസ്സിലുദിക്കുന്നതെന്തായാലും അതേപടി പൊടുന്നനെ എഴുതുന്ന ഓട്ടോമാറ്റിക് രചനാരീതി കാവ്യഭാഷയിലും കാവ്യബിംബങ്ങളിലും കാവ്യവിഷയങ്ങളിലും പാരമ്പര്യവിരുദ്ധവും വിഭ്രാമകരവുമായ അപരിചിതരൂപങ്ങൾ കൊണ്ടുവന്നു. എഴുതിയതെന്തെന്ന് ഓർമ്മിക്കാനാവാത്ത വിധം വേഗത്തിലുള്ള എഴുത്തിൽ നിന്ന് വ്യത്യസ്തതരം ബിംബങ്ങളും പരസ്പര ബന്ധമില്ലാത്ത വരികളും കവിതയിലുണ്ടായി. സ്വപ്നത്തിന്റെ ഘടന സറീയലിസ്റ്റ്രചനകളിൽ ഇത്തരത്തിൽ വന്നുചേർന്നു. ഉപബോധ മനസ്സിലേക്ക് എത്താനുള്ള സറീയലിസ്റ്റുകളുടെ വഴിയായിരുന്നു സ്വപ്നം. സിഗ്മ് ഫ്രോയ്ഡിന്റെ മനോവിശ്ലേഷണതത്ത്വങ്ങളും സ്വപ്നാപഗ്രഥനവുമാണ് സറീയലിസ്റ്റുകൾക്ക് ഇക്കാര്യത്തിൽ വഴികാട്ടിയത്. ചുരുക്കത്തിൽ സ്വപ്നം യാഥാർത്ഥ്യംഎന്നീ വിരുദ്ധാവസ്ഥകളെ യോജിപ്പിക്കുന്ന കേവലയാഥാർത്ഥ്യമാണ്സറീയലിസമെന്നു പറയാം. മിക്ക സറീയലിസ്റ്റ് കവികളുടെയും ചിത്രകാരന്മാരുടെയും രചനകളിൽ യാഥാർത്ഥ്യവും അയാഥാർത്ഥ്യവും തിരിച്ചറിയാനാവാത്തവിധം കൂട്ടിയിണക്കിയ സ്വപ്നഘടന കാണാനാവും.

കവിതമുതൽ ഗൃഹാലങ്കാരംവരെയുള്ള രംഗങ്ങളിൽ സ്വാധീനത സൃഷ്ടിച്ച പ്രസ്ഥാനമാണ് സറീയലിസം. കവിതയെഏറ്റവും ഉന്നതമായ സാഹിത്യജനുസ്സായി ഗണിച്ച സറീയലിസ്റ്റുകളിൽ പലരും നോവലിനോട് ഒരുതരം ശത്രുത പുലർത്തുകയും നോവലിന്റെ പതിവുസമ്പ്രദായങ്ങൾ തകർക്കാൻവേണ്ടി നോവലെഴുതുകയും ചെയ്തു. ലൂയി ബുനുവലും സാൽവദോർദാലിയുംചേർന്ന് 1929 നിർമ്മിച്ച 'ദ ആൻഡലൂസിയൻ ഡോഗ്' (Un ChienAndalou) 21 മിനിറ്റ്ദൈർഘ്യമുള്ള നിശബ്ദ ഹ്രസ്വചിത്രത്തെ സറീയലിസ്റ്റ് സിനിമയുടെ മാതൃകയായി നിരൂപകർ ചൂണ്ടിക്കാണിക്കുന്നു. വ്യവസ്ഥാപിതാർത്ഥത്തിലുള്ള ഇതിവൃത്തമോ കഥയോഇല്ലാത്ത ഈ ചിത്രംസ്വപ്നത്തിന്റെ ആഖ്യാനഘടന പിന്തുടരുന്നു. ഫ്രഞ്ച് സംവിധായകനായ റെനെ ക്ലെയറുടെ ആദ്യചലച്ചിത്ര സംരംഭങ്ങളിലൊന്നായ'എന്റ്റാക്ട്,(EntraActe) എന്ന ഹ്രസ്വചിത്രത്തെയാണ് ആദ്യത്തെ സറീയലിസ്റ്റ് ചിത്രമായി നിരൂപകർ പരിഗണിക്കുന്നത്. അന്റോണിയോ അർത്താഡാണ് ഏറ്റവും പ്രശസ്തനായ സറീയലിസ്റ്റ് നാടകകാരൻ. 'ക്രൂരതയുടെ നാടകവേദി' എന്ന സങ്കല്പമവതരിപ്പിച്ച അർത്താഡ് നാടകത്തിലെ സറീയലിസത്തിന്റെ സൈദ്ധാന്തികനുമാണ്. എലിയറ്റിന്റെ ചില കവിതകൾ സറീയലിസത്തിനുദാഹരണമാണ്. മലയാളത്തിൽ സച്ചിദാനന്ദൻ, അയ്യപ്പപണിക്കർ, കടമ്മനിട്ട എന്നിവരിലും സറീയലിസത്തിന്റെ സ്വാധീനം കാണാനാവുമെങ്കിലും എ. അയ്യപ്പന്റെ കവിതകളിലാണ് ധാരാളമുള്ളത്. സറിയലിസംചിത്രകലയുടെ മാത്രംസ്വന്തമായിരുന്നിടത്തു നിന്നാണ് അയ്യപ്പന്റെ കവിത ആരംഭിക്കുന്നത്.

ജീവിതത്തെക്കുറിച്ചുള്ള നൂതനമായഒരു മനോഭാവം സൃഷ്ടിക്കുകയെന്നതായിരുന്നു സറീയലിസം ചെയ്തത്. കാഴ്ചയുടെ അതിരുകളെ നിർണ്ണയിക്കുന്നതിനെ സറീയലിസം എതിർത്തു. വസ്തുവിനെ ക്രമരഹിതമായികാണുകയോ, ക്രമരാഹിത്യത്തിൽ വസ്തുവിനെ കാണുകയോ ചെയ്തു. വസ്തുക്കളെ അതിന്റെ സ്വഭാവികമായ ചുറ്റുപാടുകളിൽ നിന്നുമാറ്റി അയഥാർത്ഥമായ ചുറ്റുപാടുകളിലേക്ക് സന്നിവേശിപ്പിച്ചു. സറിയലിസം ഒരു

ISSN-2455-0736 (Print)
ISSN-2456-4052 (Online)

പ്രത്യേകധാര അല്ല. മാനസിക വ്യാപാരത്തെ സത്യസന്ധമായി അവതരിപ്പിക്കുന്ന ഒരുമാർഗം മാത്രമാണിത്. മനസ്സില് അപ്പപ്പോൾ രൂപംകൊള്ളുന്ന ചിത്രങ്ങളുടെ പ്രവാഹമാണിത്. അവയെ അടുക്കുക ക്രമപ്പെടുത്തുക എന്നതൊക്കെ ബോധപൂർവ്വമായചിന്തയാണെന്നവർകു. രൂപം സറീയലിസത്തിന് ഒരു പ്രശ്നമായിരുന്നു. കവിതയിലെരൂപത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എതിരഭിപ്രായമില്ല. എന്നാൽ മനോവ്യാപാരത്തിന് രൂപം നൽകുക എളുപ്പമല്ല താനും.

**സഹായകഗ്രന്ഥങ്ങൾ**

1. രാജശേഖരൻ പി. കെ. പാശ്ചാത്യസാഹിത്യ സിദ്ധാന്തം യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, കാലിക്കറ്റ്ജൂലൈ 2021
2. htts://www.britannica.com/art/Surrealism
3. https://literaryterms.net/Surrealism/
4. https://lithub.com/you - Surrealist-literature-starter-kit/